യദി ദാസ്യസ്യഭിമതാൻ വരാൻമേ വരദോത്തമ
ഭൂതേഭ്യസ്ത്വദ്വിസൃഷ്ടേഭ്യോ മൃത്യുർമ്മാഭൂന്മമ പ്രഭോ **(7–3–35)**
നാന്തർബ്ബഹിർദിവാ നക്തമന്യസ്മാദപി ചായുധൈ:
ന ഭൂമൌ നാംബരേ മൃത്യുർന്ന നരൈർന്ന മൃഗൈരപി **(7–3–36)**
വ്യസുഭിർവ്വാസുമദ്ഭിർവ്വാ സുരാസുരമഹോരഗൈ:
അപ്രതിദ്വന്ദ്വതാം യുദ്ധേ ഐകപത്യം ച ദേഹിനാം **(7–3–37)**
സർവ്വേഷാം ലോകപാലാനാം മഹിമാനം യഥാ*ff*ത്മന:
തപോയോഗപ്രഭാവാണാം യന്ന രിഷ്യതി കർഹിചിത് **(7–3–38)**

നാരദൻ തുടർന്നു: അജയ്യനായിത്തീരാൻ ഹിരണ്യകശിപു അതികഠിനമായ തപസ്സിലേർപ്പെട്ടു. മന്ദാരപർവ്വതത്തിൻെറ താഴ്വരയിൽ കാലിൻെറ തള്ളവിരലിൽ നിന്നുകൊണ്ട് കൈകൾ ആകാശത്തേക്കുയർത്തിപ്പിടിച്ച് ജലപാനംപോലുമില്ലാതെ ഒരായിരം കൊല്ലം അദ്ദേഹം തപസ്സു ചെയ്തു. തപസ്സിൻെറ ശക്തി ദേവന്മാരെ അലട്ടാൻ തുടങ്ങി. ഹിരണ്യകശിപു തപസ്സിനായി പോയപ്പോൾ ദേവന്മാർ അവരവരുടെ ഇടങ്ങളിൽ പോയിരുന്നു. അവർ ബ്രഹ്മാവിനെ സമീപിച്ച് അപേക്ഷിച്ചു. “പ്രഭോ, ഹിരണ്യകശിപു ഇപ്പോൾ ചെയ്യുന്ന തപസ്സ് അഭൂതപൂർവ്വമായ ഒന്നാണ്. ഇതിലൂടെ മറ്റൊരു ബ്രഹ്മാവാവാനാണ് അയാളുടെ ശ്രമം. ഇതിലൂടെ ലോകത്തിൻെറ ധർമ്മമാർഗ്ഗം മുഴുവൻ അധർമ്മത്തിലേക്കു മാറ്റിമറിക്കാനാണ് അയാളുടെ ഭാവം. വേണ്ടതെന്തെന്ന് വച്ചാൽ അവിടുന്നു തന്നെ ചെയ്താലും. ”

സൃഷ്ടികർത്താവായ ബ്രഹ്മാവ് ഹിരണ്യകശിപു തപസ്സനുഷ്ടിക്കുന്നയിടത്തു ചെന്ന് പറഞ്ഞു. “ഇതിനു മുൻപ് മറ്റാരും ഇങ്ങിനെയൊരു തപസ്സു ചെയ്തിട്ടില്ല. ഇനി ഭാവിയിലും ഉണ്ടാവില്ല. ഈ പരിശ്രമത്താലും, ഉത്സാഹത്താലും നീ എന്നെ ജയിച്ചിരിക്കുന്നു. ഉണർന്നാലും. എന്നിട്ട് നിനക്കുവേണ്ട വരങ്ങളെല്ലാം ചോദിക്കൂ.” ബ്രഹ്മാവ് തൻെറ കമണ്ഡലുവിൽ നിന്ന് അൽപം ജലമെടുത്തു കുടഞ്ഞു. ഹിരണ്യകശിപു എല്ലും തോലുമായി കഴിഞ്ഞിരുന്നു. ശരീരം പുഴുക്കൾ ഭക്ഷിച്ചും ചിതൽപ്പുറ്റുനിറഞ്ഞുമിരുന്നു. ചിതൽപ്പുറ്റുപൊട്ടിച്ച് തൊഴുകയ്യോടെ ഹിരണ്യാക്ഷൻ തപശ്ചര്യയാൽ കിട്ടിയ പ്രഭയോടെ നിന്നു തിളങ്ങി. ബ്രഹ്മാവിനോട് ഇങ്ങിനെ പറഞ്ഞു:

“ആദികാരണനും, മൂന്നു ലോകങ്ങളുടേയും അധിപനും നമസ്കാരം. അങ്ങ് കാലം തന്നെ. ജീവജാലങ്ങളുടെ ആയുസ്സ് നിമിഷം പ്രതി കുറക്കുന്ന കാലം. ഈ ലൌകീകപ്രപഞ്ചം അവിടുത്തെ ശരീരമത്രെ. പഞ്ചേന്ദ്രിയങ്ങളാൽ വസ്തുക്കളെ അങ്ങ് ആസ്വദിക്കുന്നു. എങ്കിലും നിശ്ശബ്ദസാക്ഷിയാണവിടുന്ന്. യാതൊന്നും അവിടുത്തെ ബാധിക്കുന്നില്ല. ഞാനാവശ്യപ്പെടുന്ന വരം തരുമെങ്കിൽ ഞാൻ പ്രാർത്ഥിക്കുന്നത് ഇവയ്ക്കു വേണ്ടിയാണ്. അങ്ങ് സൃഷ്ടിച്ച ആരും എന്നെ വധിക്കാനിടവരരുത്. വീട്ടിനകത്തോ പുറത്തോ വച്ച് എൻെറ മരണം സംഭവിക്കരുത്. രാത്രിയിലോ പകലോ ഞാൻ മരിക്കാനിടവരരുത്. യാതൊരുവിധ ആയുധങ്ങളാലും ആകാശത്തിലോ ഭൂമിയിലോ വച്ചോ, മനുഷ്യനാലോ മൃഗങ്ങളാലോ, ദേവന്മാരാലോ, അസുരൻമാരാലോ സർപ്പങ്ങളാലോ എനിക്ക് മരണമുണ്ടാവരുത്. ശരീരമെടുത്തിട്ടുള്ള എല്ലാ ജീവജാലങ്ങൾക്കും തർക്കമില്ലാത്ത രാജാവും പ്രഭുവും ഞാനായിരിക്കണം. അങ്ങേയ്ക്കുള്ളതുപോലുള്ള മഹിമ എനിക്കും ഉണ്ടായിത്തീരട്ടെ.”